(വളരെ അടിയന്തിരം)

"ഭരണഭാഷ- മാതൃഭാഷ"

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം - 33

Phone: 0471 – 2324951
0471 – 2325071
Tele Fax: 0471 – 2324951
Email: celsgd@gmail.com
Website: www. celsgd.kerala.gov.in

നം. ഡിബി4/11807/19/സിഇ/തസ്വഭവ    തീയതി: 08.11.2019

# സർക്കുലർ

വിഷയം :- തസ്വഭവ - സാങ്കേതിക വിഭാഗം – 2019 ലെ പ്രളയക്കെടുതികൾ മൂലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികൾക്കുണ്ടായ നാശനഷ്ടങ്ങൾ പുനരുദ്ധാരണം/പുനർനിർമ്മിക്കുന്നത് - സംബന്ധിച്ച്

പരാമർശം:-
1) ഈ കാര്യാലയത്തിലെ 10.08.2019 ലെ ഇതേ നമ്പർ സർക്കുലർ
2) ഈ കാര്യാലയത്തിലെ 25.10.2019 ലെ ഇതേ നമ്പർ കീഴെഴുത്ത്
3) 07.11.2019 ന് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ നിർദ്ദേശം

മേൽ വിഷയത്തിലേക്കും സൂചനകളിലേക്കും ശ്രദ്ധ ക്ഷണിക്കുന്നു. 2019 ലെ പ്രളയക്കെടുതിമൂലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികൾക്കുണ്ടായ നാശനഷ്ടങ്ങൾ (റോഡ്, കലുങ്ക്, പാലം എന്നിവയ്ക്ക്) പരിഹരിക്കുന്നതിന് ഒരു Proposal സമർപ്പിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

സൂചന (1), (2) എന്നിവ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികൾക്കുണ്ടായ നാശനഷ്ടങ്ങളുടെ വിവരങ്ങൾ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർ മുഖാന്തിരം MC 19-003, MC 19-004 എന്നീ പ്രൊഫോർമ കളിൽ രേഖപ്പെടുത്തലുകൾ നടത്തി സമർപ്പിച്ചിട്ടുള്ളതാകുന്നു. ഇപ്പോൾ ആസ്തികൾക്ക് സംഭവിച്ച നാശനഷ്ടം പരിഹരിക്കുന്നതിന് എത്ര തുകയാകും എന്നത് സംബന്ധിച്ച് Rough cost estimate തയ്യാറാക്കേണ്ടതാണ്. ആസ്തികൾ പുനർനിർമ്മിക്കുന്നതിനുള്ള കുറ്റമറ്റ എസ്റ്റിമേറ്റ് ആണ് തയ്യാറാക്കേണ്ടത്. ആയത് അതാത് ഗ്രാമപഞ്ചായത്ത് സ്ഥിതിചെയ്യുന്ന ബ്ലോക്ക് പഞ്ചായത്തുകളിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ശ്രദ്ധിക്കേണ്ടതും ആധികാരികത ഉറപ്പുവരുത്തേണ്ടതുമാണ്.

ഗ്രാമപഞ്ചായത്തുകളിലെ details മുൻഗണനാക്രമം നിശ്ചയിച്ച് അതാത് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ സ്ഥിതിചെയ്യുന്ന ബ്ലോക്ക് പഞ്ചായത്തുകളിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ പരിശോധിച്ച് (ബ്ലോക്ക് പഞ്ചായത്തിന്റേതുൾപ്പെടെ) ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് സമർപ്പിക്കേണ്ടതാണ്. മുനിസിപ്പാലിറ്റികളുടേത് അതാത് ഉത്തര/ദക്ഷിണ മേഖല സൂപ്രണ്ടിംഗ് എഞ്ചിനീയർമാരും, കോർപ്പറേഷനുകളുടേത് അതാത് കോർപ്പറേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയർമാരും ജില്ലകളിലെ ഗ്രാമപഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത്/ജില്ലാപഞ്ചായത്തുകളുടേത് അതാത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും **F-1060 Proforma യിൽ 16.11.2019 ഉച്ചയ്ക്ക് 1 മണിയ്ക്ക് മുൻപായി** രേഖപ്പെടുത്തലുകൾ നടത്തി - സമർപ്പിക്കേണ്ടതാണ്. ബഹു.മുഖ്യമന്ത്രിക്ക് നേരിട്ട് സമർപ്പിക്കേണ്ടതിനാൽ കാലതാമസം ഒഴിവാക്കേണ്ടതാണ് എന്ന വിവരംകൂടി അറിയിക്കുന്നു.

ചീഫ് എഞ്ചിനീയർ

ആർ/-